# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 264 — 26/09/2011 ൽ മറുപടിക്ക്

## സർക്കാരിന്റെ പൊതുകടം

| ചോദ്യം<br>ശ്രീ. എം.വി. ശ്രേയാംസ്കുമാർ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ സപ്ലിമെന്ററി അക്കൗണ്ട്സ് പ്രകാരം 2011 മാർച്ച് 31 വരെയുള്ള സംസ്ഥാനത്തിന്റെ കട ബാധ്യത 78673.23 കോടി രൂപയാണ്. |
| ബി) | 2011-12 ൽ സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | 2011-12 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 88746.69 കോടി രൂപയായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| സി) | സംസ്ഥാനത്തിന്റെ കടബാദ്ധ്യത കുറച്ച് കൊണ്ട് വരുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | കേന്ദ്രസർക്കാർ അനുവദിച്ചു നൽകിയിട്ടുള്ള കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ട് ആവശ്യാനുസരണം മാത്രം കടമെടുക്കുന്നതാണ്. 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് ഭേദഗതി ചെയ്യുന്നതിലൂടെ 13-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും, ആനുകൂല്യങ്ങളും നേടിയെടുക്കാൻ പൂർണ്ണമായും കഴിയുന്നതുമാണ്. |

അക്കൗണ്ട്സ് ഓഫീസർ